# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി ജോലി നോക്കി വരവെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും മരണമടയുകയും ചെയ്ത എസ്.രാമചന്ദ്രൻ നായരുടെ വിധവ ശ്രീമതി. ജി.ശോഭാകുമാരി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(എം.എസ്)നം. 164/2013/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 29.04.2013.**

---

പരാമർശം:- 1) സ.ഉ(പി) നമ്പർ 12/99/ഉഭപവ തീയതി 24/05/1999.

2) 16/01/2010 ൽ ശ്രീമതി . ജി.ശോഭാകുമാരി സമർപ്പിച്ച അപേക്ഷ.

3) 29/10/2011 ലെ 15185/ഇപിബി2/10/തസ്വഭവ നമ്പർ കത്ത്.

4) 18/02/2012 ലെ ശ്രീമതി. ജി.ശോഭാകുമാരിയുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ.

5) പഞ്ചായത്ത് ഡയറക്ടറുടെ 03/04/2012 ലെ ഡി3-1881/2010 നമ്പർ ഉത്തരവ്.

6) 28/07/2012 ലെ 40919/ഇപിഎ3/12/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

കാസറഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമ പഞ്ചായത്തിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി ജോലി നോക്കി വരവെ സർവ്വീസിൽ നിന്ന് പിരിച്ചു വിടുകയും മരണ മടയുകയും ചെയ്ത എസ്.രാമചന്ദ്രൻ നായരുടെ വിധവ ശ്രീമതി. ജി.ശോഭാകുമാരി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 4 പ്രകാരം സർക്കാരിൽ അപേ ക്ഷ സമർപ്പിച്ചു.

എസ്. രാമചന്ദ്രൻനായർ മരണമടഞ്ഞത് 04.04.2007 ലാണ്. സമാശ്വാസ തൊഴിൽ ദാന പദ്ധതിവഴി നിയമനം ലഭിക്കുന്നതിനായി ശ്രീമതി.ജി.ശോഭാകുമാരി പരാമർശം 4 പ്രകാരം സമർപ്പിച്ച അപേക്ഷ, ആയത് സമർപ്പിക്കുന്നതിൽ 2 വർഷത്തിലധികം കാലതാമസം നേരിട്ടതിനാൽ പരാമർശം 5 പ്രകാരം നിരസിക്കുകയുണ്ടായി.

എസ്.രാമചന്ദ്രൻ നായർ തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമ പഞ്ചായ ത്തിൽ യു.ഡി.ക്ലാർക്കായി ജോലി നോക്കി വരവെ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് 31.07.1991 ൽ അദ്ദേഹത്തെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും 27.11.1998 ൽ സർവ്വീസിൽ നിന്നു നീക്കം ചെയ്യുകയും ചെയ്തു. ഇതിനെതിരെ ബഹു.കേരളാ ഹൈക്കോടതിയിൽ നൽകിയ അപ്പീലിൽ 12.11.2004 ൽ ബഹു കേരള ഹൈക്കോടതി അദ്ദേഹത്തെ കുറ്റവിമുക്തനാക്കിക്കൊണ്ട് വിധി പ്രസ്താവിക്കുകയും ചെയ്തു. ഇതേ തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ബഹു. സുപ്രീം കോടതിയിൽ ബഹു. കേരള ഹൈക്കോടതിവിധി പുന: പരിശോധിക്കുന്നതിനായി ഫയൽ ചെയ്ത എസ്.എൽ.പി എസ്.രാമചന്ദ്രൻനായർ മരണപ്പെട്ടതിനെത്തുടർന്ന് തീർപ്പാക്കുക യുണ്ടായി.

രാമചന്ദ്രൻ നായർ സർവ്വീസിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി തേടിക്കൊണ്ടും അദ്ദേഹത്തിന്റെ വിധവ ശ്രീമതി. ജി.ശോഭാകുമാരി 16.01.2010 ൽ പരാമർശം 2 പ്രകാരം നിവേദനം സമർപ്പിക്കുകയുണ്ടായി.

ഈ അപേക്ഷ പരിഗണിച്ച് പരേതനായ രാമചന്ദ്രൻ നായരുടെ വേലവിലക്ക് കാലവും , പിരിച്ചുവിടൽ കാലവും ഡ്യൂട്ടിയായി കണക്കാക്കുന്നതിനും ശമ്പളവും അലവൻസുകളും വേലവിലക്ക് കാലത്ത് കൈപ്പറ്റിയ ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി ക്രമീകരിക്കുന്നതിനും നിയമപരമായ അനന്തരാവകാശികളിലൊരാൾക്ക് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന്, സർവ്വീസ് പുസ്തകം സഹിതം അപേക്ഷ നൽകുന്നതിനും 29.10.2011 ൽ പരാമർശം 3 പ്രകാരം അനുമതി നൽകി.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞ് രണ്ട് വർഷത്തിനകമോ ആശ്രിതൻ മൈനറാണെങ്കിൽ മേജറായി മൂന്ന് കൊല്ലത്തിനകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഈ കേസ്സിൽ എസ്. രാമചന്ദ്രൻനായരുടെ മരണ സമയത്ത് മേജറായിരുന്ന ആശ്രിതനാണ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള അപേക്ഷ സമർപ്പിക്കാനുദ്ദേശിക്കുന്നതെങ്കിൽ മേൽ വിവരിച്ച സമയപരിധി ഇതിനകം തന്നെ കഴിഞ്ഞിരിക്കുന്നു. എന്നാൽ ബഹു സുപ്രീം കോടതിയിൽ, രാമചന്ദ്രൻ നായരെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള ബഹു.കേരള ഹൈക്കോടതി വിധിക്കെതിരെ ഫയൽ ചെയ്ത എസ്.എൽ.പി തീർപ്പാക്കിയത് 18.04.2011 ലും എസ്. രാമചന്ദ്രൻനായർ മരണമടഞ്ഞത് 04.04.2007 ൽ അദ്ദേഹത്തിന്റെ സൂപ്പർ ആനുവേഷൻ തീയതിയായ 31.10.2011 ന് മുൻപും പരേതനായ രാമചന്ദ്രൻ നായരുടെ സർവ്വീസ് ക്രമവൽക്കരിച്ചത് 3 /04/2012 ലെ പരാമർശം **5** പ്രകാരമുള്ള ഉത്തരവ് പ്രകാരവുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി ജോലി നോക്കി വരവെ 04.04.2007 ൽ പരേതനായ രാമചന്ദ്രൻ നായരുടെ വിധവ ശ്രീമതി.ജി.ശോഭാകുമാരി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിൽ നേരിട്ട രണ്ടു വർഷത്തിലധികമുള്ള കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജോയിക്കുട്ടി.എം.**
**ഗവ.ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീമതി. ജി.ശോഭാ കുമാരി, W/o late എസ്.രാമചന്ദ്രൻ നായർ, HSLRA-8, TC 1/1939 (12/2419), കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ, 695011. (രജിസ്റ്റേർഡ് കത്ത് മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (യു.ഒ.നമ്പർ 16626/ആർ3/2011/ഉഭപവ തീയതി 28/09/2011 പ്രകാരം)
തദ്ദേശ സ്വയംഭരണ (ഇ.പി.ബി) വകുപ്പിന്(ഫയൽ നമ്പർ 15185/ഇപിബി2/2010/തസ്വഭവ സഹിതം)
ധനകാര്യ വകുപ്പ് (യു.ഒ നമ്പർ 57631/WW1/2011/ധന തീയതി 26/08/2011 പ്രകാരം)
വിജിലൻസ് വകുപ്പ് (യു.ഒ നമ്പർ 5658/ഡി3/2010/വിജി തീയതി 11.02.2011 പ്രകാരം
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ